(ബി) എങ്കിൽ താഴെപ്പറയുന്ന തസ്തികകളിൽ ആകെ അംഗ സംഖ്യയും പട്ടികജാതി/പട്ടികവർഗ്ഗ അംഗസംഖ്യയും എത്രയെന്ന് വ്യക്തമാക്കുമോ;

(1) എൽ.ഡി. ക്ലാർക്ക്

(2) യു.ഡി. ക്ലാർക്ക്

(3) ഹെഡ് ക്ലർക്ക്

(4) ജൂനിയർ സൂപ്രണ്ട്

(5) ഡിവിഷണൽ അക്കൗണ്ടന്റ്

(6) ഓവർസിയർ മൂന്നാംഗ്രേഡ്

(7) ഓവർസിയർ രണ്ടാംഗ്രേഡ്

(8) ഓവർസിയർ ഒന്നാംഗ്രേഡ്

(9) ഡ്രാഫ്റ്റ്സ്മാൻ

(10) അസി.എഞ്ചിനീയർ

(11) അസി. എക്സി. എഞ്ചിനീയർ

(12) എക്സിക്യൂട്ടീവ് എഞ്ചിനീയർ

(സി) വാട്ടർ അതോറിറ്റിയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തിരം അസി. എഞ്ചിനീയർ ആയി നിയമിച്ചിട്ടുള്ള ഡിപ്ലോമ യോഗ്യതയുള്ളവരെ പ്രൊമോഷൻ ഒഴിവിലാണോ നേരിട്ടുള്ള നിയമന ഒഴിവിലാണോ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിലുള്ള നിയമനമനുസരിച്ചുള്ള സംവരണം പാലിച്ചുകൊണ്ടാണ് പി.എസ്.സി. അഡ്വൈസ് ചെയ്യാറുള്ളത്.

(ബി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനത്തിനായി കാലാകാലങ്ങളിൽ റിസർവ് ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ ഡിഗ്രി-ഡിപ്ലോമ-സർട്ടിഫിക്കറ്റ് കാറ്റഗറിക്ക് പുറത്ത് ഒരു പ്രത്യേക ബ്ലോക്കായി നിർത്തുകയാണ് പതിവ്.

പെരുവണ്ണാമൂഴി ശുദ്ധജലവിതരണ പദ്ധതി

49 (3449)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി ശുദ്ധജല വിതരണ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് അറിയിക്കുമോ?

---

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 12/2001/ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പെരുവണ്ണാമൂഴി ജലസ്രോതസ്സായ കൊയിലാണ്ടിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ എല്ലാ പ്രവർത്തികളും പുൾ നേരത്തെ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം മേഖല 3/96/ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. പൈപ്പ് ലൈൻ ചാർജ്ജു ചെയ്യുമ്പോൾ വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ച പൈപ്പ് ജോയിന്റുകളിലെ റബ്ബർ റിങ്ങുകളിലൂടെ ജലം ചോരുന്നതിനാലും, പൈപ്പുകൾ ഇടയ്ക്കിടെപൊട്ടുന്ന തുകൊണ്ടും മറ്റു മേഖലകൾ ഇതുവരെ കമ്മിഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. പദ്ധതി പൂർണ്ണമായി കമ്മിഷൻ ചെയ്യാനുള്ള തടസ്സങ്ങളെപ്പറ്റി പഠിക്കുവാനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും ഒരു വിദഗ്ധ സമിതിയെ അധികാരപ്പെടുത്തുകയും ആ സമിതി 203 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു പ്രൊപ്പോസൽ തയ്യാറാക്കൽ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാനായി ഉത്തരമേഖലാ ചീഫ് എഞ്ചിനീയറെ അധികാരപ്പെടുത്തിയിട്ടുണ്ട്.

മുളക്കുഴ ശുദ്ധജല പദ്ധതി

50 (3450)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ ശുദ്ധജല പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എത്രയുംപെട്ടെന്ന് പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ ശുദ്ധജലവിതരണ പദ്ധതിയുടെ 2.40 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണി, ബമ്പ്, പമ്പ്ഹൗസ് എന്നിവ പണിയുന്നതിന് കരാർ ഉറപ്പിച്ചു കഴിഞ്ഞു. പണി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്.

(ബി) നൽകുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

51 (3451)ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :

ശ്രീമതി ആർ. ലതാദേവി :

ശ്രീ. പി. രാജു :

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിഭജിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly